# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6119 — 10.7.2012-ൽ മറുപടിയ്ക്ക്

" ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി "

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് "ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി" ആരംഭിച്ചതെന്നാണ് എന്നറിയിക്കാമോ; | (എ) | "ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി" 1994 ൽ ആരംഭിച്ചു. |
| (ബി) | എത്ര രൂപ വീതമാണ് അംഗങ്ങളിൽ നിന്നും സർക്കാർ വാങ്ങുന്നത്; ഇതുവരെ ഈ പദ്ധതിയനുസരിച്ച് എത്ര രൂപ പദ്ധതിയിൽ ചേർന്നവരിൽ നിന്നും ലഭിച്ചിട്ടുണ്ട്; | (ബി) | പദ്ധതി അംഗങ്ങളിൽ നിന്നും 100/- രൂപ രജിസ്ട്രേഷൻ ഫീസും പദ്ധതി വിഹിതവുമായി 1000/- രൂപയും അടക്കം ആകെ 1100/- രൂപ ഈടാക്കിയിട്ടുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗക്കാരിൽ നിന്നും 100/- രൂപ രജിസ്ട്രേഷൻ ഫീസ് മാത്രമേ വാങ്ങിയിട്ടുള്ളൂ. അംഗങ്ങളിൽ നിന്നും ആകെ 10,41,98,508/- രൂപ (പത്ത് കോടി നാൽപ്പത്തി ഒന്ന് ലക്ഷത്തിതൊണ്ണൂറ്റി യെട്ടായിരത്തി അഞ്ഞൂറ്റി എട്ട് രൂപാമാത്രം) പദ്ധതി വിഹിതമായും രജിസ്ട്രേഷൻ ഫീസായും സമാഹരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിയിൽ തുടരാൻ ആഗ്രഹിക്കുന്ന അംഗങ്ങൾക്ക് മാത്രമായി കൂടുതൽ പ്രയോജനം ലഭിക്കുവാൻ വേണ്ടി കൃഷി അനുബന്ധ മേഖലയിൽ നടപ്പിലാക്കുവാൻ സാധിക്കുന്ന സാമ്പിൾ |

പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടെ സംസ്ഥാനതല കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി നിലവിലുള്ള പദ്ധതികളായ ആർ.കെ.വി.വൈ, എസ്.എച്ച്.എം. മുഖേന കൃഷി അനുബന്ധവകുപ്പുകളുടെ പദ്ധതികൾ , ത്രിതല പഞ്ചായത്തുകൾ എന്നിവയുമായി സഹകരിച്ച് നടപ്പിലാക്കുന്നതിന് ഉത്തരവ് ആയിട്ടുണ്ട്. ആയതിൽ പ്രകാരം എല്ലാ ജില്ലകളിൽ നിന്നും ലഭിച്ച പ്രോജക്ടുകൾ പരിശോധിച്ചു വരുന്നു.

(ഡി) പദ്ധതിയിൽ ചേർന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

(ഡി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഒരു ലക്ഷം യുവജന അംഗങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. പദ്ധതിയിൽ ചേർന്നതിനുശേഷം മരണമടയുന്നവരുടെ നോമിനികൾക്ക് 25,000/- രൂപയും പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോകുന്നവർക്ക് 5000/- രൂപയും നൽകിവരുന്നുണ്ട്.

(ഇ) പ്രസ്തുത പദ്ധതി തുടങ്ങിയ ശേഷം ആകെ എത്ര രൂപ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

(ഇ) ഈ പദ്ധതിയിൽ അംഗമായിരിക്കെ മരണമടഞ്ഞ 1566 അംഗങ്ങളുടെ നോമിനികൾക്ക് 25,000/- രൂപ വീതം 3,91,50,000/- രൂപയും പദ്ധതിയിൽ നിന്നും പിരിഞ്ഞുപോയ 8515 അംഗങ്ങൾക്ക് 5000/- രൂപ വീതം 4,25,75,000/- രൂപയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ